(ബി) ഈ റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കാമോ ;

(സി) ജില്ലയിൽ ആകെ എത്ര ലാസ്റ്റ് ഗ്രേഡ് തസ്തികകളുണ്ടെന്നും എത്ര താൽക്കാലിക ജീവനക്കാരുണ്ടെന്നും എത്ര സ്ഥിരം ജീവനക്കാർ ഉണ്ടെന്നും വകുപ്പുതിരിച്ചും ഓഫീസ് തിരിച്ചുമുള്ള കണക്ക് വ്യക്തമാക്കാമോ ;

(ഡി) ജില്ലയിലെ ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. വഴി എന്നത്തേക്ക് നിയമനം നടത്താൻ കഴിയും എന്ന് വ്യക്തമാക്കാമോ ; എങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കാസർഗോഡ് ജില്ലയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റുകൾ

32 (2135) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എത്ര പി.എസ്.സി. ലിസ്റ്റുകൾ ഇപ്പോൾ നിലവിലുണ്ട് ; ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റുകളിൽനിന്നും ഇപ്പോൾ നിയമനം നടത്തുന്നുണ്ടോ ;

(സി) പി.എസ്.സി. അഡ്വൈസ് മെമ്മോ ലഭിച്ചിട്ടും നിയമനം ലഭിക്കാത്തവർ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവരെ എത്രയും പെട്ടെന്ന് നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

കുറ്റകൃത്യങ്ങൾ തടയാൻ എടുത്ത നടപടികൾ

33 (2137) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളായ കുട്ടികളെ തട്ടിക്കൊണ്ട് പോകൽ, സ്ത്രീകളെ അപമാനിക്കൽ, മാനഭംഗപ്പെടുത്തൽ എന്നിവ തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ചെറിയ കുട്ടികളെ തട്ടിക്കൊണ്ടുപോയി ഭിക്ഷാടനത്തിന് ഉപയോഗിക്കുന്ന മാഫിയാ സംഘങ്ങൾ സംസ്ഥാനത്ത് പലഭാഗങ്ങളിലും പ്രവർത്തിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ അത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) വിദ്യാർത്ഥിനികൾ ഉൾപ്പെടെയുള്ള സ്ത്രീകളെ അപമാനിക്കുക, തട്ടിക്കൊണ്ടുപോകുക, ബലാൽസംഗം നടത്തുക, ആഭരണങ്ങൾ തട്ടിപ്പറിക്കുക, മാല പൊട്ടിക്കുക എന്നീ അതിക്രമങ്ങൾ വ്യാപകമായി നടക്കുന്നത് തടയുന്നതിന് ഇതുവരെ എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരം കുറ്റകൃത്യങ്ങൾ തടയുവാൻ ശ്രമിക്കുന്നവരെ പിന്നീട് അപായപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി ബസ് സ്റ്റാന്റ്, ബസ് സ്റ്റോപ്പ്, പ്രധാനപ്പെട്ട കവലകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ പോലീസ് പട്രോൾ, പോലീസ് ബീറ്റ്, മൊബൈൽ പട്രോളിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുട്ടിയെ തട്ടിക്കൊണ്ട് പോയി ഭിക്ഷാടനം നടത്തിയത് സംബന്ധിച്ച് പൊഴിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം. നം. 24/03 യു/എസ്. 363(എ)34 ഐ. പി. സി. പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ബസ് സ്റ്റാന്റ്, ബസ് സ്റ്റോപ്പുകൾ, പ്രധാന കവലകൾ, ട്രെയിൻ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ പോലീസ് പട്രോൾ, പോലീസ് ബീറ്റ്, മൊബൈൽ പട്രോളിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അക്രമങ്ങൾ നടന്നതായി പരാതി ലഭിച്ചാൽ കേസ് രജിസ്റ്റർ ചെയ്ത് കർശന നടപടികൾ സ്വീകരിക്കുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

പോലീസ് ക്യാമ്പുകളിലെ പീഡനം

34 (2138) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ക്യാമ്പുകളിൽ ഉള്ള പീഡനങ്ങൾ കാരണം നിരവധി പോലീസുകാർ ആത്മഹത്യ ചെയ്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിന് സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly